**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 82** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>മനുഷ്യ-വന്യജീവി സംഘർഷം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. എ. കെ. എം. അഷ്റഫ്

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. ടി. പി. അഷ്റഫലി

ശ്രീ. നജീബ് കാന്തപുരം

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഷിബു ബേബി ജോൺ

(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

**(എ)** മനുഷ്യ-വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം വർദ്ധിപ്പിക്കുന്നത് സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മനുഷ്യ-വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട നഷ്ടപരിഹാരം പരിഹരിക്കുന്നതിനു വേണ്ട നടപടികൾ സർക്കാരിന്റെ ആദ്യ നൂറുദിന കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. കാർഷിക വിളകൾക്കുണ്ടാകുന്ന നഷ്ടപരിഹാരം അവസാനമായി പരിഷ്കരിച്ചത് 2015 ലാണ്. ആയത് 100% വർദ്ധിപ്പിക്കുന്നതിനും, അതോടൊപ്പം മരണമടയുന്നവരുടെ ആശ്രിതർക്കുള്ള ധനസഹായം 25% വർദ്ധിപ്പിക്കുന്നതിനും തത്വത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുള്ളതാണ്.

**(ബി)** കാട്ടുപന്നികളെ നിയന്ത്രിക്കുന്നതിനും വന്യജീവി സംഘർഷ സാധ്യതകളെക്കുറിച്ച് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ജനവാസമേഖലയിൽ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയായിട്ടുള്ള കാട്ടുപന്നികളെ നിയമപരമായി ഉന്മൂലനം ചെയ്യുന്നതിനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാർക്കും സെക്രട്ടറിമാർക്കും നൽകിയിട്ടുള്ളതാണ്. ജനവാസമേഖലയിലെ ശല്യക്കാരായ കാട്ടുപന്നികളെ നിർമ്മാർജ്ജനം ചെയ്യുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിയോഗിക്കുന്ന ഷൂട്ടർമാരുടെ പ്രവർത്തനപരിധി വിപുലീകരിച്ച് ജില്ലാ വ്യത്യാസം കൂടാതെ സംസ്ഥാനത്തുടനീളം ആവശ്യാനുസരണം പ്രയോജനപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവായിരുന്നു.

**(സി)** മനുഷ്യ-വന്യജീവി സംഘർഷം ഫലപ്രദമായി നേരിടുന്നതിന് നിയമഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**<u>മറുപടി:</u>** മനുഷ്യ -വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട നിയമങ്ങൾ കേന്ദ്ര നിയമങ്ങൾ ആയതിനാൽ കാലാനുസൃതമായ മാറ്റം വരുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട് .

**സെക്ഷൻ ഓഫീസർ**